ആർ.എസ്.എസിന് അരിശം തീരുന്നില്ല: കോടിയേരി

തിരുവനന്തപുരം: കാവിപ്പടയുടെ പരീക്ഷണശാലയായി കേരളം മാറാത്തതിലുള്ള അരിശമാണ് സി.പി.എമ്മിനെതിരായ പ്രമേയത്തിലൂടെ ആർ.എസ്.എസ് ദേശീയ പ്രതിനിധി സഭ പ്രകടിപ്പിച്ചിരിക്കുന്നതെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. കൊലയാളികൾ തന്നെ അക്രമവിരുദ്ധ സുഭാഷിതം നടത്തുന്ന കാപട്യമാണ് കോയമ്പത്തൂരിലെ ആർ.എസ്.എസ് വേദിയിൽ കണ്ടത്.

ബാറുകൾ: സുധീരൻ സുപ്രീംകോടതിയിൽ

ന്യൂഡൽഹി: ദേശീയ, സംസ്ഥാന പാതയോരങ്ങളിൽ ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകാനുള്ള സംസ്ഥാന സർക്കാർ നീക്കത്തിനെതിരെ കെ.പി.സി.സി മുൻ അദ്ധ്യക്ഷൻ വി.എം. സുധീരൻ സുപ്രീംകോടതിയെ സമീപിച്ചു.

വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനാണ് കോടതി പാതയോരങ്ങളിലെ മദ്യശാലകൾ സുപ്രീംകോടതി നിരോധിച്ചത്. ഇത് ബാറുകൾക്കും സർക്കാർ ഔട്ട്‌ലെറ്റുകൾക്കും ബാധകമല്ലെന്ന അറ്റോർണി ജനറൽ മുകുൾ റോഹ്തഗിയുടെ നിയമോപദേശം വിചിത്രമാണെന്ന് സുധീരന്റെ ഹർജിയിൽ പറയുന്നു.

കുഞ്ഞാലിക്കുട്ടിയും പിണറായിയും ചർച്ച നടത്തി: എം.ടി. രമേശ്

കോഴിക്കോട്: മലപ്പുറം ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് - സി.പി.എം രഹസ്യ ധാരണയുണ്ടെന്നും, വളാഞ്ചേരിയിലെ വ്യവസായിയുടെ വീട്ടിൽ 18ന് കുഞ്ഞാലിക്കുട്ടിയും മുഖ്യമന്ത്രി പിണറായി വിജയനും കൂടിക്കാഴ്ച നടത്തിയെന്നും ബി.ജെ.പി നേതാവ് എം.ടി. രമേശ് ആരോപിച്ചു.

മാദ്ധ്യമ നിരീക്ഷകന്റെ സാന്നിദ്ധ്യത്തിലായിരുന്നു കൂടിക്കാഴ്ച. ഐസ്ക്രീം പാർലർ കേസിൽ കുഞ്ഞാലിക്കുട്ടിയെ സഹായിച്ച അതേ നയമാണ് മലപ്പുറത്തും. ഇടതിന്റേത് പിണറായി വിജയന്റെ സ്പോൺസർ സ്ഥാനാർത്ഥിയാണ്. മലപ്പുറത്ത് ബി.ജെ.പി സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചത് ബി.ഡി.ജെ.എസുമായി ആലോചിച്ച ശേഷമാണെന്നും അദ്ദേഹം പറഞ്ഞു.

സി.പി.എം- ബി.ജെ.പി രഹസ്യധാരണയ്ക്ക് നീക്കം: ചെന്നിത്തല

തിരുവനന്തപുരം: മലപ്പുറത്ത് യു.ഡി.എഫിന്റെ ഭൂരിപക്ഷം കുറയ്ക്കാൻ ബി.ജെ.പിയുമായി സി.പി.എം രഹസ്യധാരണയ്ക്ക് നീക്കം നടത്തുന്നതായി പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല ആരോപിച്ചു.

മലപ്പുറത്ത് വിജയിക്കാനാവില്ലെന്ന് സി.പി.എമ്മിനും ബി.ജെ.പിക്കും നന്നായറിയാം. യു.ഡി.എഫിന്റെ ഭൂരിപക്ഷം കഴിയുന്നത്ര കുറയ്ക്കുകയെന്നത് അവരുടെ പൊതു ആവശ്യമാണ്. ബി.ജെ.പിയുമായുള്ള അണിയറയിലെ സഖ്യനീക്കം മറച്ചുവയ്ക്കാനാണ് വി.എസ്. അച്യുതാനന്ദനും കോടിയേരി ബാലകൃഷ്ണനും യു.ഡി.എഫിന് മേൽ ബി.ജെ.പി ബന്ധം ആരോപിക്കുന്നത് - ചെന്നിത്തല പറഞ്ഞു.

മരണം വരെ നിരാഹാരസമരം: ജിഷ്ണുവിന്റെ അമ്മ

വളയം: "ഇനി ആരുടെ കാൽക്കൽ വീണാലാണ് എന്റെ മകന് നീതി കിട്ടുക? മുഖ്യമന്ത്രിയെയും കണ്ട് നീതിക്കുവേണ്ടി അപേക്ഷിച്ചു. മരണം വരെ നിരാഹാരം കിടന്നാലെങ്കിലും കാണട്ടെ മകൻ നഷ്ടപ്പെട്ട അമ്മയുടെ വേദന". പാമ്പാടി നെഹ്റു കോളേജിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജ പറയുന്നു. 73 ദിവസമായിട്ടും നീതി ലഭിക്കാത്തതിൽ പ്രതിഷേധിച്ച് 27 മുതൽ തിരുവനന്തപുരത്ത് ഡി.ജി.പി ഓഫീസിന് മുന്നിൽ മഹിജ നിരാഹാരമിരിക്കും.

അതിനിടെ ജിഷ്ണുവിന്റെ അമ്മാവൻ ശ്രീജിത്ത് ഇന്നലെ ഉത്തരമേഖല ഡി.ജി.പി രാജേഷ് ദിവാനെ കണ്ടു. ഡി.ജി.പി ആവശ്യപ്പെട്ടതനുസരിച്ചായിരുന്നു ഇത്. പ്രതികളെ എത്രയും പെട്ടെന്ന് അറസ്റ്റുചെയ്യുമെന്ന് ഉറപ്പുനൽകിയതായി ശ്രീജിത്ത് പറഞ്ഞു.

നെഹ്റു കോളേജ്: മുൻകൂർ ജാമ്യഹർജി 23 ന് പരിഗണിക്കും

കൊച്ചി: പാമ്പാടി നെഹ്റു കോളേജ് വിദ്യാർത്ഥി ജിഷ്ണു പ്രണോയി മരിച്ച കേസിൽ പ്രതിയായ കോളേജ് പി.ആർ.ഒ സഞ്ജിത് വിശ്വനാഥന്റെ മുൻകൂർ ജാമ്യഹർജി ഹൈക്കോടതി 23ന് പരിഗണിക്കാൻ മാറ്റി. പരീക്ഷാ സെൽ അംഗം വിപിന്റെ ഹർജി തീർപ്പാക്കി. വിപിനെ അറസ്റ്റ് ചെയ്യില്ലെന്ന് പ്രോസിക്യൂഷൻ അറിയിച്ചു.

നിരപരാധിയായ തന്നെ കേസിൽ പ്രതിയാക്കി അറസ്റ്റ് ചെയ്യാൻ ശ്രമിക്കുന്നതായി രണ്ടാം പ്രതിയായ സഞ്ജിത് മുൻകൂർ ജാമ്യഹർജിയിൽ പറയുന്നു. പി.ആർ.ഒയുടെ മുറിയിൽ രക്തക്കറ കണ്ടെത്തിയെന്ന് പ്രോസിക്യൂഷൻ വാദിച്ചു. ജാമ്യം ലഭിക്കാവുന്ന കുറ്റം ചുമത്തപ്പെട്ട വിപിനെ ചോദ്യം ചെയ്യലിന് വിളിപ്പിക്കുന്നില്ലെന്ന് പ്രോസിക്യൂഷൻ അറിയിച്ചു.

നിർമ്മാണരംഗത്ത് വെല്ലുവിളിയെന്ന്

പാലക്കാട്: കേരളത്തിൽ നിർമ്മാണരംഗം കനത്ത വെല്ലുവിളികൾ നേരിടുകയാണെന്നും നിർമ്മാണ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ സംസ്ഥാന സർക്കാർ നടപ്പാക്കണമെന്നും എ.ഐ.ടി.യു.സി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി രാജേന്ദ്രൻ ആവശ്യപ്പെട്ടു.

പദ്മനാഭസ്വാമി ക്ഷേത്രം കേസിൽ സർക്കാർ

ഗുരുവായൂർ മാതൃകയിൽ ബോർഡിന് രൂപം നൽകാം

ന്യൂഡൽഹി: ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഭരണവുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാരം നിയമനിർമ്മാണമാണെന്നും ഗുരുവായൂർ മാതൃകയിൽ ബോർഡിന് രൂപം നൽകാൻ തയ്യാറാണെന്നും സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. ക്ഷേത്രത്തിന്റെ ഭരണം ആരെ ഏല്പിക്കണമെന്നത് പരിശോധിച്ച് തീരുമാനിക്കേണ്ട കാര്യമാണെന്ന് ചീഫ് ജസ്റ്റിസ് ജെ.എസ്. കേഹാർ ഇതിന് മറുപടി നൽകി.

ഇടക്കാല നടപടിയെന്ന നിലയ്ക്ക് പത്മതീർത്ഥം, മിത്രാനന്ദക്കുളം എന്നിവയുടെ സംരക്ഷണ നടപടികൾക്കും ശ്രീകോവിലിന്റെ അറ്റകുറ്റപ്പണിക്കും ശ്രീപദ്മനാഭസ്വാമിയുടെ വിഗ്രഹത്തിലെ കേടുപാടുകൾ പരിഹരിക്കുന്നതിനും കോടതി ഉത്തരവ് പുറപ്പെടുവിച്ചു. കുളങ്ങളിലേക്കുള്ള കക്കൂസ് മാലിന്യത്തിന്റെ ഒഴുക്ക് തടയാൻ ജല അതോറിട്ടി ഉടൻ നടപടിയെടുക്കണം. ജല അതോറിട്ടി ആകുമ്പോൾ സ്വകാര്യ കമ്പനികളെ മാറ്റിനിറുത്താനും ടെൻഡർ നടപടികൾ ഒഴിവാക്കാനും കഴിയും.

മലിനജലത്തിന്റെ ഒഴുക്ക് തടയാൻ ഓട നിർമ്മാണം ഉടൻ തുടങ്ങണം. മേയ് 15നകം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രശ്നം പരിഹരിക്കണം. കാലവർഷം തുടങ്ങുന്നതിന് മുൻപ് നിർമ്മാണം പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സമയപരിധി കോടതി നിശ്ചയിച്ചത്. ഇതിനായി ചെലവ് പ്രതീക്ഷിക്കുന്ന 28 ലക്ഷം രൂപ സർക്കാർ വഹിക്കണം.

രണ്ടാഴ്ച കൂടുമ്പോൾ ഇത് സംബന്ധിച്ച് പുരോഗതി റിപ്പോർട്ട് അമിക്കസ് ക്യൂറി ഗോപാൽ സുബ്രഹ്മണ്യത്തിന് നൽകണം. പദ്ധതിയിൽ പുരോഗതിയില്ലെങ്കിൽ അമിക്കസിന് കോടതിയെ സമീപിക്കാം.

30 കോടിയുടെ നിർമ്മാണ വിഷയമാണെന്നാണ് കരുതിയതെന്ന് പ്രതീക്ഷിക്കുന്ന ചെലവ് ചൂണ്ടിക്കാട്ടിയപ്പോൾ കോടതി വാക്കാൽ പറഞ്ഞു. ശ്രീപദ്മനാഭസ്വാമിയുടെ വിഗ്രഹത്തിലെ കേടുപാടുകൾ പരിഹരിക്കുന്നതിനും ശ്രീകോവിലിന്റെ മേൽക്കൂരയുടെ അറ്റകുറ്റപ്പണി നടത്തുന്നതിനും ജില്ലാ ജഡ്ജിയുടെ അദ്ധ്യക്ഷതയിലുള്ള ഭരണസമിതി തീരുമാനമെടുക്കണം. തന്ത്രി അടക്കമുള്ളവരുടെ ഉപദേശം സ്വീകരിച്ചുകൊണ്ടുവേണം ഇതിന്റെ നടപടികളെടുക്കാൻ. ഇതിനായി വിദഗ്ദ്ധരുടെ ഉപദേശം രേഖാമൂലം തേടണം.

വിഗ്രഹത്തിലെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള 'കടുശർക്കര' തയ്യാറാക്കുന്നതും വിദഗ്ദ്ധരുടെ ഉപദേശത്തോടെയായിരിക്കണം. ഇതിന്റെ ചുമതല ഒരു വ്യക്തിക്ക് തന്നെ നൽകാമെങ്കിലും വ്യത്യസ്ത ടെൻഡറുകൾ ക്ഷണിക്കണം. ഒരാഴ്ചയ്ക്കകം ഇതിന്റെ നടപടികൾ ആരംഭിക്കണം. കേസ് ഏപ്രിൽ 17ന് വീണ്ടും പരിഗണിക്കും.

അടിയന്തരമായി ചെയ്യേണ്ടത്

പത്മതീർത്ഥത്തിലേക്കുള്ള മലിനജലം തടയണം
വിഗ്രഹത്തിന്റെ കേടുപാട് തീർക്കണം
ശ്രീകോവിലിന്റെ അറ്റകുറ്റപ്പണി നടത്തണം

മലപ്പുറം: വർഗീയ വിരുദ്ധ കാർഡുമായി ഇടതും വലതും

സി.പി. ശ്രീഹർഷൻ

തിരുവനന്തപുരം: മലപ്പുറത്ത് വർഗീയ വിരുദ്ധ മുദ്രാവാക്യം മുഖ്യ പ്രചാരണായുധമാക്കി ഇടത്, വലത് മുന്നണികൾ പോരിനിറങ്ങി.

കോ-ലീ-ബി സഖ്യത്തിന്റെ പുതിയ പടപ്പുറപ്പാടെന്ന് യു.ഡി.എഫിനെ കുറ്റപ്പെടുത്തി ഇടതുമുന്നണി. ഇടത്- ബി.ജെ.പി രഹസ്യ സഖ്യമെന്നാരോപിച്ച് യു.ഡി.എഫ്. സി.പി.എം- ലീഗ് രഹസ്യ ബാന്ധവമെന്ന ആക്ഷേപമുയർത്തി ഇരുമുന്നണികൾക്കുമെതിരെ ബി.ജെ.പിയും കൊമ്പ്കോർത്തതോടെ മലപ്പുറം വേനൽച്ചൂടിനെ വെല്ലുന്ന രാഷ്ട്രീയച്ചൂടിൽ അമരുന്നു.

ഇ.എം.എസ് അനുസ്മരണ ചടങ്ങിൽ വി.എസ്. അച്യുതാനന്ദനാണ് കോ-ലീ-ബി സഖ്യത്തിന്റെ പുതിയ മണിമുഴക്കമെന്ന ആദ്യ വെടി പൊട്ടിച്ചത്. സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും ഇടതുമുന്നണി കൺവീനർ വൈക്കം വിശ്വനും ഇതേറ്റുപിടിച്ചു. പിന്നാലെ, യു.ഡി.എഫിന്റെ ഭൂരിപക്ഷം കുറയ്ക്കാൻ ബി.ജെ.പി- ഇടത് രഹസ്യധാരണയെന്ന പ്രത്യാരോപണവുമായി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല രംഗത്തെത്തി. കുഞ്ഞാലിക്കുട്ടിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ രഹസ്യ കൂടിക്കാഴ്ച നടത്തിയെന്ന ആക്ഷേപമാണ് ബി.ജെ.പി നേതാക്കളുടേത്. ഇതിനെ ഇടത് നേതൃത്വം പുച്ഛിച്ച് തള്ളുന്നു.

മലപ്പുറത്തെ പോരാട്ടം ലീഗിനെ സംബന്ധിച്ചിടത്തോളം അഭിമാന പ്രശ്നമാണ്. 2014ൽ ഇ. അഹമ്മദ് നേടിയ 1.94 ലക്ഷം വോട്ടിന്റെ റെക്കാഡ് ഭൂരിപക്ഷം നിലനിറുത്തുകയോ ഉയർത്തുകയോ വേണം. ലീഗിന്റെ ഏറ്റവും ഉന്നതനായ നേതാവ് പി.കെ. കുഞ്ഞാലിക്കുട്ടിയാണ് മത്സര രംഗത്ത്. പിണറായി വിജയൻ മുഖ്യമന്ത്രിയായ ശേഷം നേരിടുന്ന ആദ്യ തിരഞ്ഞെടുപ്പ് പരീക്ഷണമെന്ന നിലയിൽ ഇടത് നേതൃത്വത്തിനും സി.പി.എമ്മിനും ഇത് അഭിമാന പ്രശ്നം തന്നെ.

ഭൂരിപക്ഷം 1.94 ലക്ഷത്തിൽ നിന്ന് എത്ര കണ്ട് കുറയ്ക്കാനാകുമോ അത്രയും നേട്ടം. എന്നാൽ, അതല്ല ജയം തന്നെ ലക്ഷ്യമെന്നാണ് ഇടത് നിലപാട്. ഡി.വൈ.എഫ്.ഐ ജില്ലാ പ്രസിഡന്റും ജില്ലാ പഞ്ചായത്തംഗവുമായ എം. ബി. ഫൈസൽ കുഞ്ഞാലിക്കുട്ടിക്ക് ശക്തനായ എതിരാളിയല്ലെന്ന പ്രചാരണമാണ് യു.ഡി.എഫ് നടത്തുന്നത്.

സി.പി.എം സ്ഥാനാർത്ഥിയെ സി.പി.ഐ പോലും അംഗീകരിക്കില്ലെന്ന ആര്യാടൻ മുഹമ്മദിന്റെ പ്രതികരണം ഉദാഹരണം. എന്നാൽ, ജില്ലയിൽ ചെറുപ്പക്കാർക്കിടയിൽ സ്വാധീനം ചെലുത്താൻ ശേഷിയുള്ള, യുവനിരയിൽ സി.പി.എമ്മിന് ലഭ്യമായ ഏറ്റവും മികച്ച സ്ഥാനാർത്ഥിയെന്നാണ് ഇടത് കേന്ദ്രങ്ങളുടെ വാദം.

കുഞ്ഞാലിക്കുട്ടിയെ മുമ്പ് കുറ്റിപ്പുറത്ത് അട്ടിമറിച്ചപ്പോൾ, കെ.ടി. ജലീലും വലിയ നേതാവായിരുന്നില്ലല്ലോ എന്ന ചോദ്യവും അവർ ഉന്നയിക്കുന്നു. രാജ്യത്ത് ബി.ജെ.പി ഉയർത്തുന്ന വർഗീയ ഫാസിസ്റ്റ് നീക്കങ്ങളെ ചെറുക്കാൻ കോൺഗ്രസിന് ശേഷിയില്ലാതായെന്നാണ് ഇടത് പ്രചാരണം. മണിപ്പൂരിലും ഗോവയിലും ഏറ്റവും വലിയ ഒറ്റക്കക്ഷിയായിട്ടും ഭരണം പിടിക്കാൻ കഴിയാതെ പോയത് കോൺഗ്രസിന്റെ കഴിവുകേടായും ഇടതുപക്ഷം ചിത്രീകരിക്കുന്നു.

മലപ്പുറം പാർലമെന്റ് മണ്ഡലത്തിൽപ്പെട്ട ഏഴ് അസംബ്ലി മണ്ഡലങ്ങളിലും ലീഗിനാണ് ഭൂരിപക്ഷം. 2014ലെ വൻ ഭൂരിപക്ഷം 2016ലെ നിയമസഭാ തിരഞ്ഞെടുപ്പായപ്പോൾ മങ്കടയിലും പെരിന്തൽമണ്ണയിലും അല്പം കുറഞ്ഞെങ്കിലും ലീഗിനെ അവ കൈവിട്ടില്ല. മങ്കടയിലെയും പെരിന്തൽമണ്ണയിലെയും ലീഗിന്റെ വോട്ട് ചോർച്ച ഇക്കുറിയും തുടർന്നാൽ ഭൂരിപക്ഷം കുറയാമെന്ന് ഇടത് ക്യാമ്പുകൾ കണക്ക് കൂട്ടുന്നു. കുഞ്ഞാലിക്കുട്ടിയുടെ വരവോടെ ഭൂരിപക്ഷം രണ്ട് ലക്ഷം കടത്താമെന്ന ആത്മവിശ്വാസം യു.ഡി.എഫ് ക്യാമ്പിലുമുണ്ട്.

ഇടത് എം.എൽ.എമാരെല്ലാം മലപ്പുറത്തേക്ക്

തിരുവനന്തപുരം: മലപ്പുറം ഉപതിരഞ്ഞെടുപ്പിൽ എൽ.ഡി.എഫിന്റെ മുഴുവൻ എം.എൽ.എമാരും ഉത്തരവാദിത്വങ്ങളേറ്റെടുത്ത് മണ്ഡലത്തിലുണ്ടാകണമെന്ന് ഇടതുമുന്നണി യോഗം തീരുമാനിച്ചു. പാർലമെന്റ് മണ്ഡലത്തിൽ പെട്ട ഏഴ് അസംബ്ലി നിയോജകമണ്ഡലങ്ങളിലുമായി 61 എൽ.ഡി.എഫ് ലോക്കൽ കമ്മിറ്റികളുണ്ടാക്കും. എം.എൽ.എമാർ ഉൾപ്പെടെയുള്ള പ്രധാന നേതാക്കൾക്ക് ഇവയുടെ ചുമതലയുണ്ടാകും. ഏപ്രിൽ ഒന്ന് മുതൽ 9 വരെ മുഴുവൻ നേതാക്കളും മണ്ഡലത്തിൽ മുഴുവൻ സമയവും ഉണ്ടാകണം. തിരഞ്ഞെടുപ്പിനെ പ്രധാനപ്പെട്ട രാഷ്ട്രീയ പോരാട്ടമായി ഏറ്റെടുക്കാനാണ് തീരുമാനം. ഫാസിസ്റ്റ് ശക്തിയായ ബി.ജെ.പിയുടെ ഒന്നാം നമ്പർ ശത്രു ഇടതുപക്ഷമാണെന്ന പ്രചാരണം പ്രധാനമായും ഉയർത്തിക്കാട്ടും.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം, ഫീസ്ഘടന എന്നിവ നിയന്ത്രിക്കാനുതകുന്ന സമഗ്രമായ നിയമനിർമ്മാണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. മറ്റക്കര ടോംസ് കോളേജിലെ കെമിക്കൽ എൻജിനിയറിംഗ് വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ലഭ്യമാക്കണം.

മൂന്നാർ ട്രൈബ്യൂണലിന് ചെയർമാനെ ഉടൻ നിയമിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇല്ലാതാക്കാൻ ശ്രമിച്ച ട്രൈബ്യൂണലിനെ പുനരുജ്ജീവിപ്പിക്കാനാവശ്യമായ ഇടപെടലുണ്ടാകണമെന്നും യോഗം നിർദ്ദേശിച്ചു. ഇതിനാവശ്യമായ നടപടികൾ മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും ആലോചിച്ച് സ്വീകരിക്കണം. ഇടതുമുന്നണി യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അദ്ധ്യക്ഷത വഹിച്ചു.

കുഞ്ഞാലിക്കുട്ടി ജില്ലാ വരണാധികാരി അമിത് മീണയ്ക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നു

കുഞ്ഞാലിക്കുട്ടി പത്രിക നൽകി

70 ലക്ഷത്തിന്റെ നിക്ഷേപം, 1.71 കോടിയുടെ ഭൂസ്വത്ത്

മലപ്പുറം: മലപ്പുറം ലോക്‌സഭാ ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സ്ഥാനാർത്ഥി പി.കെ. കുഞ്ഞാലിക്കുട്ടി നാമനിർദ്ദേശപത്രിക സമർപ്പിച്ചു. ഇന്നലെ രാവിലെ 11.20ന് ജില്ലാ വരണാധികാരി അമിത് മീണയ്ക്കാണ് പത്രിക നൽകിയത്. വിവിധ ബാങ്കുകളിലും ട്രഷറികളിലുമായി 70.69 ലക്ഷം രൂപയുടെ നിക്ഷേപമാണ് കുഞ്ഞാലിക്കുട്ടിക്കുള്ളത്.

ഭാര്യ കെ.എം. കുൽസുവിന്റെ പേരിൽ 2.42 കോടി രൂപയുടെ നിക്ഷേപമുണ്ട്. നാമനിർദ്ദേശ പത്രികയിൽ സമർപ്പിച്ച കണക്കാണിത്. കുഞ്ഞാലിക്കുട്ടിയുടെ വാർഷിക വരുമാനം 6.66 ലക്ഷം രൂപയും കുൽസുവിന് 10.16 ലക്ഷം രൂപയുമാണ്. ഭാര്യയുടെ കൈയിൽ 106 പവൻ സ്വർണവുമുണ്ട്.

കുഞ്ഞാലിക്കുട്ടിയുടെ പേരിൽ വിവിധയിടങ്ങളിലായി 1.71 കോടിയുടെ ഭൂമിയും കെട്ടിടങ്ങളുമുണ്ട്. ഇതിൽ 48.50 ലക്ഷത്തിന്റെ ഭൂസ്വത്ത് പാരമ്പര്യമായി കിട്ടിയതാണ്. ഭാര്യയുടെ പേരിൽ 50 ലക്ഷത്തിന്റെ ഭൂമിയും കെട്ടിടങ്ങളുമുണ്ട്. ഭാര്യ കുൽസുവിന് 16.81 ലക്ഷം രൂപയുടെ ബാങ്ക് വായ്പ അടച്ചു തീർക്കാനുണ്ട്. പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ, ആര്യാടൻ മുഹമ്മദ്, എം.പിമാരായ ഇ.ടി. മുഹമ്മദ് ബഷീർ, പി.വി. അബ്ദുൽ വഹാബ്, ഡി.സി.സി പ്രസിഡന്റ് വി.വി. പ്രകാശ് തുടങ്ങിയവർക്ക് ഒപ്പമെത്തിയാണ് പത്രിക നൽകിയത്. രാവിലെ പാണക്കാട്ടെത്തി ലീഗ് സംസ്ഥാന അദ്ധ്യക്ഷൻ സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളെ കണ്ട് ചർച്ചയും പ്രാർത്ഥനയും നടത്തി കെട്ടിവയ്ക്കാനുള്ള പണവും ഏറ്റുവാങ്ങി ഡി.സി.സി ഓഫീസിലെത്തിയ ശേഷമാണ് കളക്ടറേറ്റിലെത്തിയത്.

ഇടത് മുന്നണിക്കായി പ്രവർത്തിക്കും: പിള്ള

കോഴിക്കോട്: മലപ്പുറം ഉപതിരഞ്ഞെടുപ്പിൽ കേരള കോൺഗ്രസ് (ബി) ഇടതു മുന്നണിക്കായി പ്രവർത്തിക്കുമെന്ന് ചെയർമാൻ ആർ. ബാലകൃഷ്ണപിള്ള വാർത്താസമ്മേളനത്തിൽ പറഞ്ഞു. നിയമസഭാ തിരഞ്ഞെടുപ്പിനെക്കാൾ നേട്ടം ഇടത് മുന്നണിക്കുണ്ടാകും. ഏതുതരം വർഗീയ ധ്രുവീകരണത്തെയും തടയണം. മലപ്പുറത്ത് സി.പി.എം- ലീഗ് ബന്ധമുണ്ടെന്ന ആരോപണം അടിസ്ഥാന രഹിതമാണ്. കെ.എസ്.ആർ.ടി.സിയുടെ കാര്യത്തിൽ ധനകാര്യമന്ത്രിയുടെ സമീപനം പ്രായോഗികമല്ല. കിഫ്ബിയിലെ പണം എവിടെയെന്ന് വ്യക്തമാക്കണം.

ഭിന്നതയില്ല: കുമ്മനം

തിരുവനന്തപുരം: മലപ്പുറത്തെ സ്ഥാനാർത്ഥി നിർണയവുമായി ബന്ധപ്പെട്ട് ദേശീയ ജനാധിപത്യ സഖ്യത്തിൽ ഒരു അഭിപ്രായ വ്യത്യാസവുമില്ലെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ കുമ്മനം രാജശേഖരൻ പറഞ്ഞു. സ്ഥാനാർത്ഥിയെ തീരുമാനിക്കും മുൻപ് എല്ലാ ഘടകകക്ഷികളുമായും ചർച്ച നടത്തിയിരുന്നു.

ബി.ജെ.പി നേതാക്കൾക്ക് പിന്നാക്കാഭിമുഖ്യമില്ല: വെള്ളാപ്പള്ളി

ചേർത്തല: കേരളത്തിലെ ബി. ജെ. പി നേതാക്കൾക്ക് പിന്നാക്കാഭിമുഖ്യമില്ലെന്നും ഘടകകക്ഷികളോട് തമ്പ്രാൻ അടിയാൻ സംസ്കാരമാണെന്നും എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ കണിച്ചുകുളങ്ങരയിലെ വസതിയിൽ മാദ്ധ്യമ പ്രവർത്തകരോട് പറഞ്ഞു. മലപ്പുറത്ത് സ്ഥാനാർത്ഥിയെ നിർണയിച്ചത് ഘടകകക്ഷികളുമായി കൂടിയാലോചിച്ചില്ല. കേന്ദ്ര സർക്കാരിന് കീഴിൽ സംസ്ഥാനത്ത് നടത്തിയ 175 രാഷ്ട്രീയ നിയമനങ്ങളിൽ ഒരാൾ പോലും പിന്നാക്കക്കാരനല്ല. നരേന്ദ്രമോദിയെ ആദ്യം കേരളത്തിലെത്തിച്ച ടി.വി.ബാബുവിന്റെ സമുദായമായ കെ.പി.എം.എസിനും, സി.കെ. ജാനുവിനും പോലും ഒന്നും നൽകിയില്ല. മോദിക്ക് പിന്നാക്കാഭിമുഖ്യമുണ്ട്. ഇന്ത്യയിൽ മോദി തരംഗമാണ് ആഞ്ഞുവീശുന്നത്.

ഭരണനേട്ടത്തിലുള്ള ജനാഭിപ്രായം മലപ്പുറത്തുണ്ടാകും: വൈക്കം വിശ്വൻ

തിരുവനന്തപുരം: മലപ്പുറം ഉപതിരഞ്ഞെടുപ്പിൽ പത്ത് മാസത്തെ സംസ്ഥാന ഭരണ നേട്ടം അവതരിപ്പിക്കുമെന്നും അതിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ അവരുടെ അഭിപ്രായം രേഖപ്പെടുത്തുമെന്നും എൽ.ഡി.എഫ് കൺവീനർ വൈക്കം വിശ്വൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. മലപ്പുറത്ത് പഴയ കോ-ലീ-ബി സഖ്യം പുതിയ രീതിയിൽ ആവിഷ്കരിക്കാനാണ് യു.ഡി.എഫ് ശ്രമം.

മരിച്ച കുട്ടിയുടെ ചേച്ചിയെയും അപ്പൂപ്പൻ പീഡിപ്പിച്ചു

- പ്രതി ജുഡിഷ്യൽ കസ്റ്റഡിയിൽ
- മൂത്ത കുട്ടിയെ പീഡിപ്പിച്ചതിന് പ്രത്യേക കേസെടുത്തു
- വിക്ടറിനെ കുടുക്കിയത് ഭാര്യയുടെയും മകന്റെയും മൊഴി

കൊല്ലം: കുണ്ടറ നാന്തിരിക്കലിൽ പീഡനത്തിനിരയായതിനെ തുടർന്ന് ആത്മഹത്യചെയ്ത പത്ത് വയസുകാരി അനിലയുടെ സഹോദരിയെയും മുത്തച്ഛൻ വിക്ടർ ഡാനിയേൽ പലതവണ പീഡിപ്പിച്ചതായി തെളിഞ്ഞു. കുട്ടിയെ ആത്മഹത്യയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ നിരന്തരം പീഡിപ്പിക്കുകയായിരുന്നുവെന്ന് പൊലീസിന്റെ റിമാൻഡ് റിപ്പോർട്ടിൽ പറയുന്നു. കൊല്ലം ജുഡിഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

വിക്ടറിനെ കൊല്ലം കോടതിയിൽ ഹാജരാക്കിയപ്പോൾ

വിക്ടറിന്റെ മകൻ, വിക്ടറിന്റെ ഭാര്യ എന്നിവരുടെ മൊഴികളിൽ നിന്നാണ് പത്ത് വയസുകാരിയെ പീഡിപ്പിച്ചത് മുത്തച്ഛൻ തന്നെയാണെന്ന് പൊലീസിന് വിവരം ലഭിച്ചത്. ആത്മഹത്യ ചെയ്ത പെൺകുട്ടിയുടെ സഹോദരിയും തന്നെ പീഡിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തി. കഴിഞ്ഞ ബുധനാഴ്ച മുതൽ പൊലീസ് കസ്റ്റഡിയിലുള്ള പ്രതി ആദ്യം നിഷേധിച്ചെങ്കിലും പിന്നീട് കുറ്റസമ്മതം നടത്തുകയായിരുന്നു. മൂത്ത കുട്ടിയെ പീഡിപ്പിച്ച സംഭവത്തിൽ കുണ്ടറ എസ്.ഐ പ്രത്യേകം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

മരിച്ചതിന്റെ തലേദിവസം ഉച്ചയ്ക്ക് 12 മണിക്കും നാന്തിരിക്കലിലെ വീട്ടിൽ വച്ച് വിക്ടർ പെൺകുട്ടിയെ ലൈംഗിക പീഡനത്തിനിരയാക്കി. പ്രതിയുടെ വീട്ടിൽ വച്ച് നേരത്തേ പലതവണ പീഡിപ്പിച്ചിട്ടുണ്ട്. മാനഭംഗം (375), പ്രകൃതിവിരുദ്ധ ലൈംഗിക പീഡനം (377), കുട്ടികളെ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കൽ (305) എന്നീ വകുപ്പുകൾക്ക് പുറമേ കുട്ടികൾക്ക് നേരെയുള്ള ലൈംഗിക അതിക്രമത്തിനെതിരെയുള്ള പോക്സോ ആക്ടും വിക്ടറിനെതിരെ ചുമത്തി. പെൺകുട്ടിയുടെ കുണ്ടറയിലെ വീട്ടിലെത്തിച്ച് തെളിവെടുത്ത ശേഷം വൈകിട്ട് നാല് മണിയോടെ പ്രതിയെ കൊല്ലം ഒന്നാം ക്ലാസ് ജുഡിഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

വിക്ടർ തന്നെയാണ് ജനുവരി 15ന് പെൺകുട്ടിയെ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയ വിവരം കുണ്ടറ പൊലീസ് സ്റ്റേഷനിൽ അറിയിച്ചത്. അസ്വാഭാവിക മരണത്തിനാണ് കേസെടുത്തത്. പെൺകുട്ടി പ്രകൃതിവിരുദ്ധ പീഡനത്തിനിരയായെന്നും ശരീരത്തിൽ മുറിവുകളുണ്ടായിരുന്നെന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും പൊലീസ് കാര്യമായെടുത്തില്ല. പോസ്റ്റ്മോർട്ടം റിപ്പോർട്ട് ബുധനാഴ്ച മാദ്ധ്യമങ്ങളിലൂടെ പുറത്തുവന്നതോടെയാണ് പൊലീസ് ഉണർന്നത്. ഇതേദിവസം തന്നെ വിക്ടർ, പെൺകുട്ടിയുടെ അമ്മ, മുത്തശ്ശി എന്നിവരെ കസ്റ്റഡിയിലെടുത്തെങ്കിലും ചോദ്യംചെയ്യലിനോട് ഇവർ സഹകരിച്ചില്ല. വിക്ടറെ ആദ്യംമുതൽ പൊലീസ് സംശയിച്ചിരുന്നു. പെൺകുട്ടിയുടെ അമ്മ അന്വേഷണസംഘത്തോട് ഇനിയും സഹകരിക്കാൻ തയ്യാറായിട്ടില്ലെന്നാണ് അറിയുന്നത്.

നരാധമന് നേരെ കൈയേറ്റ ശ്രമം, അസഭ്യവർഷം

കൊല്ലം: കുണ്ടറ നാന്തിരിക്കലിൽ പീഡനത്തിനിരയായ 10 വയസുകാരിയുടെ ദുരൂഹമരണവുമായി ബന്ധപ്പെട്ട് പൊലീസ് അറസ്റ്റ് ചെയ്ത് കൊല്ലം ജുഡിഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കിയ മുത്തച്ഛൻ വിക്ടർ ഡാനിയേലിന് നേരെ കോടതി പരിസരത്ത് കൈയേറ്റ ശ്രമവും അസഭ്യവർഷവുമുണ്ടായി.

വിക്ടറെ ഇന്നലെ വൈകിട്ട് 4.45നാണ് കൊട്ടാരക്കര പൊലീസ് കോടതിയിൽ ഹാജരാക്കിയത്. പ്രതിയെ കാണാൻ ഉച്ച മുതൽ കോടതിയും പരിസരവും ജനങ്ങളെ കൊണ്ടു നിറഞ്ഞിരുന്നു.

വൻ പൊലീസ് സംഘത്തിന്റെ അകമ്പടിയോടെ കൊണ്ടുവന്ന പ്രതിയെ കാത്തുനിന്നവർ അസഭ്യവർഷവും കൂക്കുവിളിയുമായാണ് എതിരേറ്റത്.

ചിലർ പൊലീസ് വലയം ഭേദിച്ച് പ്രതിയെ ആക്രമിക്കാനും ശ്രമിച്ചു. 14 ദിവസത്തേക്ക് റിമാൻഡ് ചെയ്ത പ്രതിയെ ജില്ലാ ജയിലിലടച്ചു. കസ്റ്റഡിയിൽ വിട്ടുകിട്ടാൻ പിന്നീട് അപേക്ഷ നൽകുമെന്ന് പൊലീസ് പറഞ്ഞു.

അമ്മൂമ്മയെ രണ്ടാം പ്രതിയാക്കും

കൊട്ടാരക്കര: അനില ദുരൂഹസാഹചര്യത്തിൽ മരിച്ച കേസിൽ കുട്ടിയുടെ അമ്മൂമ്മ ലതയെ (55) രണ്ടാം പ്രതിയാക്കും. ഇന്നലെ റിമാൻഡിലായ അപ്പൂപ്പൻ വിക്ടർ ഡാനിയേലിന്റെ ഭാര്യയാണ് ലത. അനിലയെയും ചേച്ചിയെയും പീഡിപ്പിക്കാൻ ഇവർ ഒത്താശ നൽകിയതായി അന്വേഷണസംഘം കണ്ടെത്തി. കുട്ടികൾ പലപ്പോഴും പരാതിപ്പെട്ടെങ്കിലും ലത അത് കാര്യമാക്കാതെ വിക്ടറിന്റെ ഭാഗം നിൽക്കുകയായിരുന്നു.

മനഃശാസ്ത്ര വിദഗ്ദ്ധരുടെ സഹായത്തോടെയുള്ള ചോദ്യംചെയ്യലിൽ ലത തന്നെ ഇക്കാര്യങ്ങൾ പൊലീസിനോട് വെളിപ്പെടുത്തുകയായിരുന്നു. പെൺകുട്ടിയുടെ മാതാവ് ഷീജയ്ക്ക് വിക്ടറിന്റെ പ്രവൃത്തികൾ ഇഷ്ടമായിരുന്നില്ല.

മക്കളുടെ പഠനച്ചെലവും വീട്ടുകാര്യങ്ങളും നോക്കുന്നത് വിക്ടർ ആയതിനാൽ അയാളെ എതിർക്കാനും കഴിഞ്ഞിരുന്നില്ല. അനിലയുടെ മരണവുമായി ബന്ധപ്പെട്ട് ചോദ്യംചെയ്തപ്പോൾ സംഭവങ്ങൾ മറച്ച് വച്ചത് മറ്റൊരു മകൾ കൂടി ഉള്ളതുകൊണ്ടാണെന്ന് ഇവർ പറഞ്ഞു. വിക്ടറിനെ കസ്റ്റഡിയിൽ വാങ്ങി കൂടുതൽ തെളിവെടുപ്പ് നടത്തിയ ശേഷമേ അന്തിമ പ്രതിപ്പട്ടിക തയ്യാറാക്കുകയുള്ളൂ.

സി.ബി - 1 പിടിച്ചത് 19 ലക്ഷത്തിന്

തിരുവനന്തപുരം: ഫാൻസി വാഹന നമ്പരായ കെ.എൽ - 01 സി.ബി - 1 പത്തൊൻപത് ലക്ഷം രൂപയ്ക്ക് ലേലത്തിൽ പോയി. തിരുവനന്തപുരത്തെ മരുന്നു മൊത്തവിതരണ സ്ഥാപനമായ ദേവി ഫാർമ ഉടമ കുറവൻകോണം മീനാക്ഷി മന്ദിരത്തിൽ കെ.എസ്. ബാലഗോപാലാണ് ടൊയോട്ടോ ലാൻഡ് ക്രൂയിസറിന് വേണ്ടി നമ്പർ സ്വന്തമാക്കിയത്. സംസ്ഥാനത്തെ ഫാൻസി നമ്പർ ലേലചരിത്രത്തിലെ റെക്കാഡ് തുകയാണിത്.

നാലുപേരാണ് ഒരു ലക്ഷം രൂപവീതം അടിസ്ഥാന വില അടച്ച് സി.ബി - 1ന് വേണ്ടി ലേലത്തിൽ പങ്കെടുത്തത്. അബ്ദുൾകരീം മൂന്നുലക്ഷം രൂപ വരെ ലേലം വിളിച്ചു. തുടർന്ന് സുഭകർ വാസുദേവനും കെ.എസ്. ബാലഗോപാലും തമ്മിലായി മത്സരം. 10,02,000 രൂപ വരെ സുഭകർ ലേലം വിളിച്ചു. 12 ലക്ഷമായി ഉയർത്തിയ ബാലഗോപാലന് ലേലം ഉറപ്പിക്കാൻ ആർ.ടി.ഒ തയ്യാറെടുക്കവേ വീണ്ടും തുക ഉയർത്താൻ അദ്ദേഹം അനുമതി തേടി. 18 ലക്ഷത്തിന് ലേലം ഉറപ്പിച്ചു. ആദ്യമടച്ച ഒരു ലക്ഷം രൂപയും ചേരുമ്പോൾ 19 ലക്ഷം രൂപയാകും.